(ബി) കീഴയൂരിലെ ഭൂമി ഏറ്റെടുക്കാൻ തൽക്കാലം പദ്ധതികളൊന്നും നിലവിലില്ല.

വായ്പ വിതരണം ചെയ്യാൻ നടപടി

108 (3108)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഹമ്മ പഞ്ചായത്ത് ഹാൻറി ക്രാഫ്റ്റ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിലെ അംഗങ്ങളായ പുൽത്തടുക്ക് നെയ്യുന്ന അൻപത്തിയേഴ് സ്ത്രീ തൊഴിലാളികൾക്ക് കൊച്ചിയിലെ സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ് ഇൻഡസ്ട്രിയൽ അപ്പക്സ് സൊസൈറ്റി വഴി ഭവന നിർമ്മാണത്തിന് വായ്പ അനുവദിച്ചിരുന്നോ;

(ബി) അപ്രകാരം അനുവദിച്ച വായ്പ തുക വിതരണം ചെയ്തിട്ടുണ്ടോ;

(സി) വായ്പാ വിതരണം തടഞ്ഞു വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വായ്പ അനുവദിക്കുന്നതിനായി സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്ന 57 തൊഴിലാളികളെ തെരഞ്ഞെടുത്തിരുന്നെങ്കിലും 54 പേർക്കേ വായ്പ അനുവദിച്ചിരുന്നുള്ളു.

(ബി) ഉണ്ട്.

(സി) വായ്പ വിതരണം നടന്നു കഴിഞ്ഞതാണ്. എന്നാൽ അതു സംബന്ധിച്ച് ലഭിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിൽ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നടത്തിയ അന്വേഷണത്തിൽ ലോൺ ലഭിച്ചതിൽ 29 പേരും യഥാർത്ഥ കരകൗശല തൊഴിലാളികളല്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, അനർഹരായവർക്ക് നൽകിയ സാമ്പത്തിക സഹായം പലിശ സഹിതം തിരിച്ചു പിടിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

109 (3110)ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൈത്തറി തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിന് വിദേശ മാർക്കറ്റ് കണ്ടുപിടിക്കുന്നതിന് കൈത്തറി വികസന കോർപ്പറേഷൻ എന്തെല്ലാം നടപടിളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിന്റെ ഫലമായി കയറ്റുമതി ഓർഡർ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കൈത്തറി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കൈത്തറി വികസന കോർപ്പറേഷൻ എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകുന്നത്;

(ഇ) കൈത്തറി വ്യവസായങ്ങൾക്ക് മാർക്കറ്റ് വികസന സഹായം നൽകുന്ന പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ;

(എഫ്) മാർക്കറ്റ് വികസന സഹായമായി 1998-99; 1999-2000 വർഷത്തിൽ എന്തു തുകയാണ് കേന്ദ്ര സർക്കാർ നൽകേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കൈത്തറി വ്യവസായ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ പ്രധാന നടപടികൾ സ്വീകരിക്കുകയുണ്ടായി.

പ്രാദേശിക കൈത്തറി സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, തറികളില്ലാത്ത നെയ്ത്തുകാർക്കു തറികൾ വിതരണം ചെയ്യൽ, ഉല്പന്ന വൈദഗ്ദ്ധ്യം വഴി ഉല്പാദനവും വിപണനവും വീപുലീകരിക്കുന്നതു ലക്ഷ്യമാക്കി സിൽക്ക് നെയ്ത്തിന് ധനസഹായം, പ്രവർത്തനം മന്ദീഭവച്ചിരുന്ന ഫാക്ടറി ടൈപ്പു നെയ്ത്തു വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കാൻ സഹായം കൈത്തറിതൊഴിലിൽ ഏർപ്പെടുത്തുന്നവർക്ക് വിദഗ്ദ്ധ പരിശീലനം, പുതുതായി ഈ ജോലിയിൽ ഏർപ്പെടാൻ താല്പര്യമുള്ളവർക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം ഏർപ്പെടുത്തൽ, കൈത്തറി തുണികളുടെ കയറ്റുമതി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതു ലക്ഷ്യമാക്കി കയറ്റുമതി ചെയ്യുന്ന തുണിത്തരങ്ങളുടെ വിലയുടെ 20 ശതമാനം ഒരു വർഷം പരമാവധി 20 ലക്ഷം രൂപ ഗ്രാന്റായി നൽകുന്ന പദ്ധതി, കഴിനൂലിന് സബ്സിഡി അനുവദിച്ചു വിതരണം ചെയ്യൽ, കൈത്തറി മേഖലയിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആധുനിക ഡിസൈനുകൾ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ തറികളിൽ വരുത്തുന്നതിനുതകുന്ന സാങ്കേതിക വിദ്യ നടപ്പിലാക്കാനുദ്ദേശിച്ച ഒരു പദ്ധതി കേരള സർക്കാരിന്റെ കീഴിൽ കണ്ണൂരിൽ പ്രവർത്തിക്കുന്ന ഹാന്റലൂം ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നൂതനമായ ഡിസൈനുകൾ ആവിഷ്കരിക്കുന്നതിനുള്ള ഗവേഷണങ്ങളും അതിലേക്കു തൊഴിലാളികൾക്കു വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള നടപടികൾ, ഹാന്റക്സിന്റെ നവീകരണം, ഹാൻവീവിനു പലിശ സബ്സിഡി, ഉത്സവ വിശേഷ അവസരങ്ങളിൽ വിപണനം ചെയ്യുന്ന കൈത്തറി തുണിത്തരങ്ങൾക്ക് 20 ശതമാനം റിബേറ്റ്, വിപണന വികസന സഹായം, അസംസ്കൃത സാധന ബാങ്കുകൾക്ക് ധനസഹായം, എൻ.സി.ഡി.സി വായ്പ ലഭ്യമാക്കൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രോജക്ട് പാക്കേജ് പദ്ധതി, സമഗ്ര കൈത്തറി ഗ്രാമ വികസന പദ്ധതി, തൊഴിലാളികൾക്കായുള്ള ഇൻഷ്വറൻസ്

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണം, അംശാദായ ഫണ്ട് തുടങ്ങിയ തൊഴിലാളി ക്ഷേമ പദ്ധതികൾ എന്നിവ തുടർന്നു വരുന്നു. ഇതുകൂടാതെ കൈത്തറി മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ചു പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റിയേയും നിയമിച്ചിട്ടുണ്ട്. കമ്മിറ്റി അതിന്റെ പ്രവർത്തനം തുടർന്നു വരുന്നു.

(ബി) ഹാൻഡ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ ഉല്പാദന കേന്ദ്രങ്ങളിലെ നെയ്ത്തുകാർ വഴിയും, കോർപ്പറേഷൻ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് വിംഗിന്റെ നെയ്ത്തുകാരെ ഉപയോഗിച്ചും കമ്പ്യൂട്ടർ ഡിസൈനിംഗ് വഴിയും, അല്ലാതെയും വിദേശ മാർക്കറ്റിനാശ്യമായ തുണിത്തങ്ങളുടെ സാമ്പിളുകൾ ഉല്പാദിപ്പിക്കുകയും അവ നിരവധി വിദേശ വ്യാപാര കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കുകയും ചെയ്തു വരുന്നു. കൂടാതെ ഫാങ്ഫർട്ട്., ഹോങ്കോങ് തുടങ്ങിയ വിദേശ വ്യാപാര കേന്ദ്രങ്ങളിൽ നടത്തിയ പ്രദർശനങ്ങളിലും ഇൻഡ്യാ ഫെയറിലും കോർപ്പറേഷൻ പങ്കെടുക്കുകയും ചെയ്തു. ഇതിനായി കേന്ദ്ര സർക്കാർ സ്കീം ഓഫ് എക്സ്പോർബിൾ പ്രോജക്ട് ആന്റ് ദെയർ മാർക്കറ്റിംഗ് എന്ന പദ്ധതി അംഗീകരിക്കുകയും ഇതെവരെയായി 9 ലക്ഷം രൂപ അനുവദിച്ചു തരുകയുമുണ്ടായി.

(സി) 1998-99-ൽ 6 ലക്ഷം രൂപയുടെയും ഇപ്പോൾ ഹോങ്കോങ് ഫെയറിൽ പങ്കെടുത്തതിന്റെ ഫലമായി ചിലതരം തുണിത്തരങ്ങൾക്ക് ട്രയൽ ഓർഡറും ലഭിച്ചിട്ടുണ്ട്.

(ഡി) കോർപ്പറേഷനിലെ സ്ഥിരം നെയ്ത്തുകാർക്ക് നെയ്തു തീർക്കാൻ പറ്റാത്തയളവിൽ തുണി ഉൽപ്പാദിപ്പിക്കേണ്ടി വരുമ്പോൾ മറ്റു സഹകരണ സംഘങ്ങളെ ആശ്രയിക്കാറുണ്ട്. ഇപ്പോൾ കണ്ണൂർ മേഖലയിൽ 35 പ്രൈമറി കൈത്തറി സഹകരണ സംഘങ്ങൾക്ക് സ്കൂൾ യൂണിഫോം തുണിത്തരങ്ങൾ നെയ്തു തരുവാൻ ഓർഡർ നൽകിയിട്ടുണ്ട്.

(ഇ) മാർക്കറ്റ് വികസന സഹായം 1/4/2000 മുതൽ നിർത്തലാക്കുവാൻ കേന്ദ്ര സർക്കാർ നടപടി എടുത്തിട്ടുണ്ട്.

(എഫ്) മാർക്കറ്റ് വികസന സഹായമായി 1998-99 വർഷത്തെ ക്ലെയിം വകയിൽ 2,81,71,403 രൂപ കേന്ദ്ര സർക്കാരിൽ നിന്നും കിട്ടേണ്ടിയിരുന്നു. അതിൽ 1,73,22,103 രൂപ കേന്ദ്ര സർക്കാരിൽ നിന്നും മാർച്ച് 2000-ൽ ലഭിച്ചു. ശേഷിക്കുന്ന 1,08,49,300 രൂപ കേന്ദ്ര സർക്കാരിൽ നിന്നും കിട്ടുവാനുണ്ട്. 1999-2000 വർഷത്തെ മാർക്കറ്റ് വികസന സഹായ ക്ലെയിമിൽ 1,37,52,311 രൂപ ലഭിക്കുവാനുണ്ടായിരുന്നതിൽ മാർച്ച് 2000-ൽ 26,77,897 രൂപ ലഭിച്ചു. ശേഷിക്കുന്ന 1,10,74,414 രൂപ ലഭിക്കുവാനുണ്ട്.

(ജി) പ്രസ്തുത സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. ടി തുക ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്.

പ്രാഥമിക കൈത്തറി നെയ്ത്തു സംഘങ്ങൾ

110(3111)ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ ഉണ്ട്; എത്ര കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly